5. സന്നദ്ധ സംഘടനകൾ, ന്യൂനപക്ഷ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വിവിധ പരിപാടികളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത് ജനങ്ങൾക്ക് അവബോധം സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) ഇപ്പോൾ നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്കുപുറമെ കാലക്രമേണ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസം

28 (*148) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം, അവരുടെ ജീവിത സാഹചര്യം, തൊഴിൽ എന്നിവ വ്യക്തമാക്കുന്ന ഔദ്യോഗിക രേഖകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ സംരക്ഷണത്തിനും സാമൂഹ്യ സുരക്ഷയ്ക്കുമായി എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) അവർക്ക് അർഹമായ പുനരധിവാസം ഉറപ്പാക്കുന്നതിനായി എന്തെങ്കിലും സർക്കാർ പദ്ധതികളോ ലക്ഷ്യങ്ങളോ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ)</u>:

(എ) ഇല്ല. എന്നാൽ കേരളത്തിലെ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ബി) ട്രാൻസ്ജെന്റർ വിഭാഗത്തിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ട്രാൻസ്ജെന്റർ വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly